# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1090. 13.12.2012 - ലെ മറുപടിക്ക്.

## പ്ലസ് ടു തുല്യത കോഴ്സ് ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി . ഡി. സതീശൻ<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ . റ്റി . ജോർജ് | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലസ് ടു തുല്യതാ കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) 28/09/2012 ലെ സർക്കാർ ഉത്തരവ് (സാധാ) 4634/2012/പൊ.വി പ്രകാരം 2013-2014 അക്കാദമിക്ക് വർഷം മുതൽ ഹയർസെക്കന്ററി തുല്യതാകോഴ്സ് ആരംഭിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുവാൻ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 1. സംസ്ഥാന ഹയർസെക്കന്ററി എഡ്യുക്കേഷൻ, വി. എച്ച്.എസ്. ഇ., ഓപ്പൺ സ്കൂൾ എന്നിവർ നടത്തുന്ന കോഴ്സുകളെ ബാധിക്കാത്തവിധം പരിമിതപ്പെടുത്തി പാരലൽ കോഴ്സായി ആരംഭിക്കുക.<br><br>2. ഹയർസെക്കന്ററി സ്കൂൾ സിലബസിന്റെ75%എങ്കിലും ഹയർസെക്കന്ററി തുല്യതാകോഴ്സിലുണ്ടായിരിക്കണം |

സാക്ഷരതാ-തുടർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിയായിരിക്കണം ഹയർസെക്കന്ററി തുല്യതാകോഴ്സ് ആരംഭിക്കേണ്ടത്.

3. ഹയർസെക്കന്ററി തുല്യതാകോഴ്സ് പാസ്സാകുന്നവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് തുടർന്നു പഠിക്കുന്നതിനും ഇതരമേഖലകളിൽ പ്രമോഷൻ ലഭിക്കുന്നതിനും മറ്റും അർഹതയുണ്ടായിരിക്കും.

4.കേരള സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന പത്താംതരം തുല്യതാകോഴ്സ് പാസ്സാകുന്ന പഠിതാക്കൾക്ക് ഹയർസെക്കന്ററി തുല്യതാകോഴ്സിന് ചേരുന്നതിന് യോഗ്യതയുണ്ടായിരിക്കും. ഔപചാരികതലത്തിലെ പത്താം ക്ലാസ് പാസായി 20 വയസ്സ് പൂർത്തിയായവർക്കും ഈകോഴ്സിൽ ചേരാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് പ്രസ്തുതകോഴ്സ് നടത്തുന്നത്; വിശദമാക്കുമോ ; | (സി) | കേരള സംസ്ഥാന സാക്ഷരതാ സമിതി. |
| (ഡി) | എന്ന് മുതലാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | 2013-14 അധ്യയനവർഷം. |

സെക്ഷൻ ഓഫീസർ.